**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3408** **26-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്നങ്ങളുടെ കയറ്റുമതിക്ക് പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ തനത് ഉത്പന്നങ്ങളായ ഗന്ധകശാല അരി, വാഴക്കുളം പൈനാപ്പിൾ, നേന്ത്രപ്പഴം ഉൾപ്പെടെ മറ്റിതര കാർഷികോല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും കേന്ദ്രസർക്കാർ കാർഗോ സർവ്വീസിൽ നടത്തിയ 'ഓപ്പൺ സ്കൈ പോളിസി' നിയന്ത്രണം സംസ്ഥാന കയറ്റുമതിയെ ബാധിക്കുന്നതു കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കയറ്റുമതിയ്ക്ക് പ്രോത്സാഹനവും ഒപ്പം കേന്ദ്രസഹായവും നേടിയെടുക്കുന്നതിനും സ്വീകരിച്ച വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കാർഷിക കയറ്റുമതി നയത്തിന്റെ സ്ഥാപന സംവിധാനത്തിന്റെ ഭാഗമായി വാണിജ്യ വകുപ്പ്, കേന്ദ്ര ഗവൺമെന്റ്, സംസ്ഥാന സർക്കാർ എന്നിവ തമ്മിലുള്ള ഏകോപനവും വ്യാപാര സംബന്ധമായ പ്രശ്നങ്ങൾ, ലോജിസ്റ്റിക്സ്, കാർഷിക സേവന കയറ്റുമതി തുടങ്ങിയവയുടെ അവലോകനം മുതലായവ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന തല എക്സ്പോർട്ട് പ്രമോഷൻ കമ്മിറ്റി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്. അപേഡയിൽ നിന്നും ലഭിച്ച നിർദ്ദേശം അനുസരിച്ച്, കാർഷിക കയറ്റുമതി നയത്തിന്റെ ഭാഗമായുള്ള സെൻട്രൽ സെക്ടർ പ്രോജക്റ്റ് പ്രകാരം 2020-21 വർഷത്തേയ്ക്കുള്ള 883 ലക്ഷം രൂപയുടെ പദ്ധതി കേരളത്തിലെ കാർഷിക കയറ്റുമതി നോഡൽ ഏജൻസിയായ വി എഫ് പി സി കെ സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ, വയനാട്, തിരുവനന്തപുരം ജില്ലകളിൽ ബനാന ക്ലസ്റ്റർ രൂപികരിച്ചു. തൃശ്ശൂർ, വയനാട്, ജില്ലകളിൽ ജില്ലാ കളക്ടർ ചെയർമാനായുള്ള ക്ലസ്റ്റർ ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിക്കുകയും നിലവിലുള്ള കയറ്റുമതി അധിഷ്ഠിത വാഴക്കൃഷിക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളും പോരായ്മകളും വിലയിരുത്തി വരുകയും ചെയ്യുന്നു. യൂറോപ്പിലേയ്ക്ക് വാഴപ്പഴം കയറ്റുമതി വികസിപ്പിക്കുന്നതിനായി എൻ ആർ സി ബി ട്രിച്ചി, അപേഡ, എക്സ്പോർട്ടേഴ്സ് എന്നിവരുടെ സഹകരണത്തോടെയുള്ള പൈലറ്റ് പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ കർഷകരിൽ നിന്നും എൻ ആർ സി ബി (നാഷണൽ റിസർച്ച് സെന്റർ ബനാന, ട്രിച്ചി) നൽകിയ കൃഷി പ്രോട്ടോക്കോൾ പ്രകാരം ഉൽപ്പാദിപ്പിച്ച വാഴപ്പഴം 2021 ഏപ്രിൽ മാസം വിഷുവിനോട് അനുബന്ധിച്ച് ലണ്ടൻ വിപണിയിൽ എത്തിക്കുന്നതിന് സാധിച്ചു. വാഴക്കുലകൾ വിളവെടുത്ത് 40-45 ദിവസത്തോളം |

| | | | |
|---|---|---|---|
| | | | ഉൽപ്പന്നത്തിന്റെ ഗുണമേൻമ നിലനിർത്തുന്നതിനും വിദേശ വിപണിയിൽ കേരളത്തിലെ നേന്ത്രപ്പഴത്തിന് വിപണി കണ്ടെത്തുന്നതിനും ഈ പരീക്ഷണം വഴി സാധിച്ചു. കര-കടൽ മാർഗ്ഗം ലണ്ടൻ, കുവൈത്ത്, സിംഗപ്പൂർ, ദുബായി എന്നീ രാജ്യങ്ങളിലേയ്ക്ക് 45 മെട്രിക് ടൺ വാഴപ്പഴവും പച്ചക്കറികളും കയറ്റുമതി ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വയനാട് പായ്ക്ക് ഹൗസുകളുടെ സഹായത്തോടെ കൂടുതൽ കയറ്റുമതി ഓർഡറുകൾ പ്രതീക്ഷിക്കുന്നു. കയറ്റുമതി സാധ്യതയുള്ള എം ഡി - 2 ഇനം പൈനാപ്പിൾ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കാർഗോ സർവ്വീസിൽ നടത്തിയ 'ഓപ്പൺ സ്കൈ പോളിസിയിൽ' ഭേദഗതി മുഖേന നടത്തിയ നിയന്ത്രണങ്ങൾ പുനഃപരിശോധിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതികൾ മൂലം കുരുമുളക് കർഷകർ ഉൾപ്പെടെ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമെന്നും ആയത് നിയന്ത്രിക്കാനും കാർഷികോല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കാനുമായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ? | (ബി) | ഇന്ത്യയും ശ്രീലങ്കയും ആയുള്ള ട്രേഡ് എഗ്രിമെന്റ് പ്രകാരം ഡ്യൂട്ടി ഇല്ലാതെ കുരുമുളക് ഇറക്കുമതി ചെയ്യുന്നതിനാൽ വിയറ്റ്നാം പോലുള്ള രാജ്യങ്ങളിൽ നിന്നും വേണ്ടത്ര ഗുണനിലവാരമില്ലാത്ത കുരുമുളക് ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുകയും അത് ഇന്ത്യൻ കുരുമുളകിന്റെ വില തകർച്ചയ്ക്ക് കാരണമാകുകയും ചെയ്യുന്നു. ആയതിനാൽ കുരുമുളകിന്റെ വൻതോതിലുള്ള ഇറക്കുമതി കുറക്കുന്നതിനായി DGFT (ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ്) ഏർപ്പെടുത്തിയ മിനിമം ഇംപോർട്ട് പ്രൈസ് (MIP Rs.500 per Kg) നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ